ഉത്തരം

(എ) 1970.

(ബി) ഇല്ല. എന്നാൽ 1998-99 അടിസ്ഥാനവർഷമായി ഒരു ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തിവരുന്നു. സാമ്പത്തിക സ്ഥിതിവിവര വകുപ്പ് തലവന്റെ ചുമതലയിലാണ് പ്രസ്തുത സർവ്വേ നടത്തിവരുന്നത്. ഇതിനായി സാമ്പത്തിക സ്ഥിതിവിവര വകുപ്പ് തലവന്റെ അദ്ധ്യക്ഷതയിൽ തൊഴിൽ, വ്യവസായം, കൃഷി, പൊതുവിതരണം എന്നീവകുപ്പ് അദ്ധ്യക്ഷൻമാരും തൊഴിലാളി-തൊഴിലുടമ പ്രതിനിധികളും ഉൾപ്പെടെ ഒരു ഉന്നതതല കമ്മിറ്റി കർമ്മ പരിപാടികൾക്ക് നേതൃത്വം കൊടുത്തുവരുന്നു. ഈ സർവ്വേയുടെ റിപ്പോർട്ട് 2000-ഏപ്രിൽ മാസത്തോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇല്ല. ഇന്ന് സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യം കേന്ദ്ര നിയമമായ മെറ്റേർനിറ്റി ബനിഫിറ്റ് ആക്ട് പ്രകാരമുള്ളതാണ്. അതിൽ പറയുന്ന ആനുകൂല്യത്തിന് സർക്കാർ ജീവനക്കാരുടെ ആനുകൂല്യവുമായി തുല്യത കൽപ്പിക്കേണ്ടതായ അവസ്ഥയില്ല.

കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി

68 (1735) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; ഇതിൽ മദ്യവ്യവസായ തൊഴിലാളികൾ എത്ര ;

(ബി) ക്ഷേമനിധി ബോർഡിൽ 31-12-1999 വരെ എത്ര സംഖ്യ അംശദായമായി പിരിഞ്ഞു കിട്ടിയിട്ടുണ്ട് ;

(സി) ബോർഡിന് റവന്യൂറിക്കവറിമൂലം പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ; പ്രസ്തുത തുക പിരിഞ്ഞുകിട്ടാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ഡി) ബോർഡ്വായ്പ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് എത്ര രൂപവീതം നൽകിയിട്ടുണ്ട് ; പ്രസ്തുത തുക മടക്കികിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ ക്ഷേമനിധിയിൽ തൊഴിലാളികളിൽനിന്നും ഉടമകളിൽ നിന്നും പി. എഫ്. വിഹിതമായി ഈടാക്കുന്ന ശതമാന വിഹിതം 10 ശതമാനമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12/99 ലെ നിയമമനുസരിച്ച് കള്ളുവ്യവസായ തൊഴിലാളിക്ഷേമനിധി ബോർഡിൽ 36,888 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	735
കൊല്ലം	1,104
പത്തനംതിട്ട	996
ആലപ്പുഴ	3,534
കോട്ടയം	3,417
ഇടുക്കി	2,733
എറണാകുളം	5,523
തൃശൂർ	6,791
പാലക്കാട്	5,093
മലപ്പുറം	1337
കോഴിക്കോട്	1317
കണ്ണൂർ	3,426
കാസർഗോഡ്	882
ആകെ	36,888

കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാം കള്ളു വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളാണ്.

(ബി) 22,415.73 ലക്ഷം രൂപ.

(സി) സർക്കാർ/കോടതിസ്റ്റേ ഉൾപ്പെടാതെ റവന്യൂ റിക്കവറിമൂലം പിരിച്ചെടുക്കാവുന്ന 372.48 ലക്ഷവും സർക്കാർ സ്റ്റേയിലും കോടതിസ്റ്റേയിലും ഉള്ള 1,037.66 ലക്ഷം രൂപയും കൂടി ആകെ 1,410.14 ലക്ഷം രൂപ.

ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) - ടെ സേവനം ഉപയോഗപ്പെടുത്തി ക്ഷേമനിധി ആക്റ്റ് അനുസരിച്ച് വീഴ്ചവരുത്തുന്ന തൊഴിലുടമകൾക്കെതിരെ റിക്കവറി നടപടി മുഖാന്തിരം കുടിശ്ശികകൾ പിരിച്ചെടുക്കുന്നുണ്ട്.

(ഡി) കേരളസ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന് 100 ലക്ഷം രൂപയും ട്രാവൻകൂർ റയോൺസിന് 90 ലക്ഷം രൂപയും വായ്പ നൽകിയിട്ടുണ്ട്. പ്രസ്തുത തുക മടക്കി കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

69 (1736) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly